വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ, ബി) സാധുക്കളായ ജനങ്ങൾക്ക് അവശ്യഘട്ടങ്ങളിൽ സാന്ത്വനിക സഹായം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് "സാമൂഹ്യ സുരക്ഷിതത്വ ഫണ്ട്" എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ടിൽ നിന്ന് ധനസഹായത്തിനായി ഇപ്പോൾ കുടുംബശ്രീ കണ്ടെത്തിയ പഞ്ചായത്തുകളിലെ അഗതി കുടുംബങ്ങൾക്കും സാമൂഹ്യക്ഷേമ വകുപ്പോ, മറ്റ് ഇതര ഏജൻസികളോ കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്കും കുടുംബശ്രീയും മറ്റ് ഇതര ഏജൻസികളും നൽകുന്ന തുകയ്ക്ക് പുറമേ ആവശ്യകതയ്ക്കനുസൃതമായി പരമാവധി പതിനായിരം രൂപവരെ സാമൂഹ്യക്ഷേമ വകുപ്പ് അനുവദിക്കുകയും പ്രസ്തുത തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുവഴി വിതരണം ചെയ്യുക എന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) പദ്ധതി ഉടനെ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ടിന്റെ നിർവ്വഹണ ചട്ടങ്ങൾ 17-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 101/2004 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുക വഴി ഇതിന്റെ നിർവ്വഹണ ചട്ടത്തിൽ വിവക്ഷിക്കുന്ന നിരാലംബരെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുന്നതാണ്.

(ഡി) മേൽപ്പറഞ്ഞ പദ്ധതിക്കായി 40 കോടി രൂപ 2004-05 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി വിഹിതത്തിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

തൊഴിലാളികളുടെ മിനിമം വേതനം പുതുക്കാൻ നടപടി

7 [*236] ശ്രീ. എൻ. രാജൻ :

,, കെ. പി. രാജേന്ദ്രൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ടതായിട്ടുണ്ട് ; അവർ ഏതെല്ലാം മേഖലകളിൽ പണിയെടുക്കുന്നവരാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവിതനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ യഥാസമയം ഈ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) തൊഴിലാളികൾക്ക് അർഹമായ ക്ഷാമബത്തകൾ മരവിപ്പിച്ച മേഖലകളുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലെ തൊഴിലാളികൾക്ക് എത്ര ഗഡു ക്ഷാമബത്ത വീതം മരവിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ക്ഷാമബത്തകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) മിനിമം വേതനം പുതുക്കി നിശ്ചയിച്ച് അത് നിലവിൽ വന്നശേഷം അഞ്ചുവർഷം കഴിഞ്ഞ മേഖലകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. ടിംബർ പ്ലൈവുഡ്
2. തീപ്പെട്ടി വ്യവസായം
3. മലഞ്ചരക്ക് മേഖല
4. പ്ലാന്റേഷൻ മേഖല
5. കടകളും വാണിജ്യസ്ഥാപനങ്ങളും
6. റബ്ബർ ക്രോപ്പ് മില്ലുകൾ
7. മൈനർ എഞ്ചിനീയറിംഗ്
8. മത്സ്യ സംസ്ക്കരണ മേഖല
9. കൈത്തറി വ്യവസായം
10. കശുവണ്ടി മേഖല
11. ഓയിൽ മില്ലുകൾ
12. എൽ. പി. എസ്. ഏജൻസികൾ.

(ബി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മിനിമം വേജസ് നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം ഒരു മിനിമം വേജസ് കമ്മിറ്റിയെ നിയോഗിച്ചുകൊണ്ടോ, സർക്കാർ ഗസറ്റിൽ കരട് നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചശേഷം രണ്ടു മാസ കാലയളവിൽ ആക്ഷേപങ്ങൾ സമർപ്പിക്കുവാൻ അവസരം നൽകി ആക്ഷേപങ്ങൾ പരിഗണിച്ച് മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശുപാർശകൾകൂടി പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചോ ആണ് ഇതിന് വേണ്ടി വരുന്ന കാലതാമസമാണ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള കാലതാമസത്തിന് പ്രധാന കാരണം. ടിംബർ-പ്ലൈവുഡ് വ്യവസായം, തീപ്പെട്ടി വ്യവസായം എന്നീ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി ആക്ഷേപങ്ങൾക്കും അഭിപ്രായങ്ങൾക്കും വേണ്ടി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൻ മേലുള്ള മിനിമം വേതന ഉപദേശക സമിതിയുടെ അഭിപ്രായം കൂടി ലഭിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പ്ലാന്റേഷൻ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. അഞ്ചു വർഷകാലാവധി കഴിഞ്ഞ മൈനർ എഞ്ചിനീയറിംഗ് മേഖലയിൽ മിനിമം വേജസ് കമ്മിറ്റിയെ നിയോഗിച്ചാണ് വേതനം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. കമ്മിറ്റി രൂപവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തോട്ടം മേഖലകളിലുള്ള പ്രതിസന്ധി കാരണം 1-4-2002 മുതൽ ക്ഷാമബത്തയിലുണ്ടായ വർദ്ധനവ് തല്ക്കാലം നല്കേണ്ടതില്ല എന്ന തീരുമാനം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ എടുത്തിരുന്നു. പിന്നീട് 1-10-2003 മുതൽ റബ്ബർ, ഏലം തോട്ടങ്ങളിലും 1-1-2005 മുതൽ മറ്റു തോട്ടങ്ങളിലും ഇത് പുനഃസ്ഥാപിച്ചിട്ടുണ്ട്. റബ്ബർ, ഏലം പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 6 ഗഡുവിലേയും, കോഫി, തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 11 ഗഡുവിലേയും ക്ഷാമബത്ത വർദ്ധനവ് കിട്ടാനുണ്ട്. മറ്റ് വ്യവസായങ്ങളിലൊന്നും തന്നെ ക്ഷാമബത്ത മരവിപ്പിച്ചിട്ടില്ല.

(ഡി) റബ്ബർ, ഏലം പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 1-10-2003 മുതലും കോഫി, തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 1-1-2005 മുതലും ക്ഷാമബത്ത വർദ്ധനവ് പുനഃസ്ഥാപിച്ച് നൽകുവാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി

8 [*237] ശ്രീ. ടി. പി. രാമകൃഷ്ണൻ :

„ കെ. രാധാകൃഷ്ണൻ :

„ കെ. പി. സതീശ് ചന്ദ്രൻ :

„ എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഉണ്ട്.

(ബി) തേയിലയുടെ വിലക്കുറവും വർദ്ധിച്ച ഉല്പാദനച്ചെലവും മറ്റ് രാജ്യങ്ങളിൽ നിന്നുള്ള തേയിലയുടെ ഇറക്കുമതിയും കാരണം കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ തോട്ടം മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. തോട്ടം മേഖലയെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർതലത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട സഹായങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഡെലിഗേഷൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കും നിവേദനം നൽകുകയും ചർച്ചയിലൂടെ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രവാണിജ്യ വകുപ്പ് തോട്ടങ്ങളുടെ രക്ഷയ്ക്കായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടും രൂപീകരിച്ചിട്ടുണ്ട്.

പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly